ഭരണഭാഷ-മാതൃഭാഷ

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2734922**
ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in

**തീയതി :11/01/2022**

പ്രേഷകൻ
ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

സർ,

വിഷയം:- ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ തുടർനടപടികൾക്കായി അയക്കുന്നത് സംബന്ധിച്ച്.

സൂചന:- ശ്രീകുമാർ ചെല്ലൂർ എന്നവരുടെ 13.11.2021 തീയതിയിലെ അപേക്ഷ.

**********************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീകുമാർ ചെല്ലൂർ എന്നവർ സമർപ്പിച്ച അപേക്ഷ ആവശ്യമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ച് അപേക്ഷകനെ വിവരമറിയിക്കുന്നതിനായി ഇതൊന്നിച്ചയക്കുന്നു.

Signature Not Verified
Digitally signed by REJIL M C
Date: 2022.01.11 14:25:36 IST
Reason: Approved

വിശ്വാസപൂർവ്വം

**DR.MC REJIL, DYC(RR) DCMPM, O/O DYC(RR) DCMPM**
ജില്ലാ കളക്ടർക്ക് വേണ്ടി

പകർപ്പ്

ശ്രീകുമാർ ചെല്ലൂർ (sreekumarchellur@gmail.com)

(താങ്കളുടെ അപേക്ഷ തുടർനടപടികൾക്കായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയച്ചിട്ടുള്ളതാണ്. തുടരന്വേഷണങ്ങൾക്കായി പ്രസ്തുത കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്)

**Email** **District Collectorate Malappuram Kerala**

---

**Fwd:**

---

| | | |
|---|---|---|
| **From :** | District Collector Malappuram <dc-mlp@gov.in> | Mon, Nov 15, 2021 10:24 AM |
| **Subject :** | Fwd: | |
| **To :** | District Collectorate Malappuram Kerala <dcm.ker@nic.in> | |

---

**From:** sreekumarchellur@gmail.com
**To:** "District Collector Malappuram" <dcmlp.ker@nic.in>
**Sent:** Saturday, November 13, 2021 8:51:30 AM

Sir,

ഇവിടെ കുറ്റിപ്പുറം പഞ്ചായത്തിൽ ഒരു Building Permit കിട്ടാൻ file കൊടുത്തിട്ട് ദിവസങ്ങളായി...
ഇതുവരെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ആവശ്യമായ നടപടികൾ ഒന്നുമില്ല... നാളെ വരാം മറ്റന്നാൾ വരാം എന്നൊക്കെ പറഞ്ഞു വരാതെ ബുദ്ധിമുട്ടിക്കുകയാണ്... വീട് പണിക്ക് Loan ന് അപേക്ഷിക്കാൻ വേണ്ടിയാണ് പെർമിറ്റ് ന് കൊടുത്തത്. നിലവിൽ താമസിക്കുന്ന വീട് ദിവസേന വാസയോഗ്യം അല്ലാതായി പൊളിഞ്ഞു കൊണ്ടിരിക്കുകയാണ്. സർക്കാരിൽ നിന്നുള്ള വീട് വാങ്ങിത്തരാൻ രാഷ്ട്രീയ നേതാക്കൾ തയ്യാറാവുന്നില്ല. എങ്കിൽ ലോൺ എടുത്ത് വീട് വെക്കാൻ ഉദ്യോഗസ്ഥരും സമ്മതിക്കുന്നില്ല.. സാധാരണക്കാരായ ഞങ്ങൾ ഇതൊക്കെ ആരോടാണ് പരാതിപ്പെടേണ്ടത് സർ...

സഹായിക്കണം 🙏

---

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം,
മലപ്പുറം, തീയ്യതി:**26/01/2022**
ഇമെയിൽ :ddpmlp.dop.lsgd@kerala.gov.in
ഫോൺ:0483-2734838

പ്രേഷകൻ :

**ASSISTANT DIRECTOR OF PANCHAYATH**

സ്വീകർത്താവ്:

സെക്രട്ടറി
കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് - ബിൽഡിംഗ് പെർമിറ്റ് ലഭ്യമാകാത്തത് സംബന്ധിച്ച്

സൂചന :- ബഹു.ജില്ലാകളക്ടറുടെ 11.01.22 തിയ്യതിയിലെ DCMPM/12517/2021-L3 നമ്പർ കത്ത്

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭ്യമാകാത്തത് സംബന്ധിച്ച് സൂചന പ്രകാരം പരാതി ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
**ASSISTANT DIRECTOR OF PANCHAYATH**
മലപ്പുറം

ഉള്ളടക്കം:പരാതിയുടെ പകർപ്പ്

**ഓർമ്മക്കുറിപ്പ്: -1**

നമ്പർ: DDP-MPM/164/2022-D9

പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടറുടെകാര്യാലയം,
സിവിൽ സ്റ്റേഷൻ, മലപ്പുറം.
0483 2734838.
ഇ-മെയിൽ: ddpmlp.dop.lsgd@kerala.gov.in
ddpmlpm@gmail.com

തിയ്യതി:30/06/2022

പ്രേഷകൻ :

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

സ്വീകർത്താവ്:

സെക്രട്ടറി,കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് - ബിൽഡിംഗ് പെർമിറ്റ് ലഭ്യമാകാത്തത് സംബന്ധിച്ച്

സൂചന :- ഈ കാര്യാലയത്തിലെ 26/01/2022 ലെ ഇതേ നമ്പർ കത്ത്

മേൽ വിഷയവുമായി ബന്ധപ്പെട്ട് സൂചനപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമായതായി കാണുന്നില്ല . ആയത് ഇനിയൊരു ഓർമ്മക്കുറിപ്പിനിടവരുത്താതെ 7 ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

JUNIOR SUPERINTENDENT
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുവേണ്ടി